# ഇസ്‌ലാമിക ചരിത്ര പാഠങ്ങൾ

## ഭാഗം മൂന്ന്



3




# ഇസ്‌ലാമിക ചരിത്രപാഠങ്ങൾ

# 3

# ഉള്ളടക്കം


| | |
|---|---|
| 1. شُعَيْب عليه السلام | 5 |
| 2. أَيُّوب عليه السلام | 9 |
| 3. دَاوُد وسُلَيْمَان عليهما السلام | 13 |
| 4. يُونُس عليه السلام | 18 |
| 5. زَكَرِيَّا ويَحْيَى عليهما السلام | 22 |
| 6-8. نَبِيُّنَا مُحَمَّدٌ صلى الله عليه وسلم | 25 |

# പാഠം 1

# شعيب عليه السلام

അല്ലാഹുവിന്റെ ദൂതനായ ശുഐബ് عليه السلام ജീവിച്ചത് മദ്‌യൻ എന്ന പ്രദേശത്താണ്. ഇന്ന് ആ നാട് ജോർദാനിൽ സ്ഥിതി ചെയ്യുന്നു. കച്ചവടം ചെയ്ത് ജീവിച്ചിരുന്ന ആ ജനങ്ങൾ അവിശ്വാസികളും വഞ്ചന ചെയ്തിരുന്നവരുമായിരുന്നു. അളന്നെടുക്കുമ്പോൾ കൂടുതൽ വാങ്ങുക, അളന്നു കൊടുക്കുമ്പോൾ കുറവു വരുത്തുക, പിടിച്ചു പറിക്കുക, ജനങ്ങളെ അക്രമിക്കുക എന്നീ കുറ്റകൃത്യങ്ങൾ അവർക്കിടയിൽ പതിവായിരുന്നു.

ശുഐബ് عليه السلام ഈ ജനങ്ങൾക്കിടയിൽ സത്യമാർഗം ഉപദേശിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു:

‘‘ജനങ്ങളേ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ ഒരു ആരാധ്യനുമില്ല. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് വ്യക്തമായ തെളിവുവന്നിട്ടുണ്ട്. അതുകൊണ്ട് അളവും തൂക്കവും തികച്ചുകൊടുക്കുക. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ കുറവു വരുത്തരുത്. ഭൂമിയിൽ നന്മയുണ്ടാക്കിയതിനു ശേഷം നിങ്ങൾ നാശമുണ്ടാക്കരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം.’’ (സൂറ: അഅ്റാഫ് : 85)

ഈ ഉപദേശങ്ങൾ കേട്ടപ്പോൾ ജനങ്ങൾ അദ്ദേഹത്തെ പരിഹസിച്ചു. അവർ പറഞ്ഞു: നീ ഞങ്ങളിൽ ബലഹീനനാണ്. നിന്റെ കുടുംബത്തെ ഓർത്താണ് ഞങ്ങൾ നിന്നെ കൊല്ലാത്തത്. പ്രവാചകൻ മറുപടി പറഞ്ഞു: ജനങ്ങളെ എന്റെ കുടുംബമാണോ അല്ലാഹുവിനേക്കാൾ പ്രതാപമുള്ളവർ? അങ്ങനെ അവർ ശുഐബ് عليه السلام മായി തർക്കിച്ചു കൊണ്ടിരുന്നു. അവർ വിശ്വസിച്ചതേയില്ല. അവസാനം അവർക്ക് അല്ലാഹുവിന്റെ ശിക്ഷയുണ്ടായി. ഒരു ഘോരശബ്ദമായിരുന്നു ആ ശിക്ഷ. അതോടെ അവരുടെ കഥ കഴിഞ്ഞു. ശുഐബ് عليه السلام ഉം സത്യത്തിൽ വിശ്വസിച്ചവരും മാത്രം രക്ഷപ്പെട്ടു. നിഷേധികൾ അവരുടെ വീടുകളിൽ മരിച്ചു വീണു.

ശുഐബ് عليه السلام ന്റെ ജനത أصحاب الأيكة (അസ്ഹാബുൽ അയ്കത്ത്) എന്നും വിളിക്കപ്പെടുന്നു. മരക്കാവുകാർ എന്നാണ് അതിന്റെ അർത്ഥം. ധാരാളം മരങ്ങളുള്ള സ്ഥലത്തായിരുന്നു അവർ താമസിച്ചിരുന്നത്.

# പഠന പ്രവർത്തനങ്ങൾ

## ചിഹ്നങ്ങൾ പരിചയപ്പെടാം:

| | | |
|---|---|---|
| ശുഐബ് | ഐ | ൈ |
| ജോർദാൻ | ജോ | ോ |
| ക്വുർആൻ | ക്+വ | ്വ |
| സന്താനം | ന്താ | ാ |

**വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്നും തെരെഞ്ഞെടുത്തെഴുതുക:**

**(നബി , വനും , ക്ഷമ , വർദ്ധിച്ചു)**

1. സമ്പത്ത് മുഴു______ നഷ്ടപ്പെട്ടു.
2. ശുഐബ് ________ ആകുന്നു.
3. ഐശ്വര്യം ________________ കൊണ്ടിരുന്നു.
4. ആപത്തിൽ ________________ കൈക്കൊള്ളണം.

## വാക്കുകൾ വായിക്കാം എഴുതാം

1. ഐശ്വര്യം ________________________
2. സമ്പത്ത് ________________________

3. ശുശ്രൂഷിച്ചു ______________________

4. പ്രവാചകത്വം ______________________

## വ്യഞ്ജനാക്ഷരങ്ങൾ പഠിക്കാം:

1. ക് + അ = ക          കച്ചവടം
2. ന് + ആ = നാ          നാട്
3. വ് + ഇ = വി          വിശ്വാസി
4. ജ് + ഈ = ജീ          ജീവിതം

## ചോദ്യങ്ങൾ:

1. ശുഐബ് عليه السلام നിയോഗിക്കപ്പെട്ട പ്രദേശത്തിന്റെ പേര്?
2. ശുഐബ് عليه السلام ന്റെ ജനങ്ങളുടെ സ്വഭാവ ദൂഷ്യങ്ങൾ എന്തെല്ലാമായിരുന്നു ?
3. ശുഐബ് عليه السلام ന്റെ ഉപദേശങ്ങൾ എന്തെല്ലാം ?
4. ശുഐബ് عليه السلام ൽ വിശ്വസിക്കാത്ത ജനങ്ങളെ അല്ലാഹു എങ്ങനെ ശിക്ഷിച്ചു ?

### ഓർത്തിരിക്കാം

അളവിൽ കുറക്കുന്നവർക്ക് മഹാനാശം
അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ
തികച്ചെടുക്കുകയും.ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ
തൂക്കികൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും
ചെയ്യുന്നവർക്ക്. അക്കൂട്ടർ വിചാരിക്കുന്നില്ലേ; തങ്ങൾ
എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന്?

(വിശുദ്ധ ഖുർആൻ: 83:1-4)

# പാഠം 2

# أيوب عليه السلام

ഇബ്റാഹീം عليه السلام ന്റെ പുത്രൻ ഇസ്ഹാഖ് عليه السلام ന്റെ സന്താനപരമ്പരയിലാണ് അയ്യൂബ് നബി عليه السلام ജനിച്ചത്. പ്രവാചകത്വത്തോടൊപ്പം നിരവധി സമ്പത്തിന്റെ ഉടമയുമായിരുന്നു അദ്ദേഹം. ധാരാളം സന്തതികളും ഉണ്ടായിരുന്നു.

അയ്യൂബ് عليه السلام തന്റെ സമ്പത്തുക്കൾ നല്ല മാർഗത്തിൽ ചിലവഴിച്ചു. എളിയജീവിതം നയിക്കുകയും ചെയ്തു. പക്ഷെ, കാലം കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സമ്പത്ത് നശിക്കുകയും സന്തതികൾ ഒന്നൊന്നായി മരിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ദരിദ്രനായി. കുടുംബങ്ങൾ അകന്നു. സത്യമാർഗത്തിൽ ജീവിക്കുകയും അത് ജനങ്ങളെ ഉപദേശിക്കുകയും ചെയ്തതിനാൽ ജനങ്ങളും നാട്ടുകാരും അദ്ദേഹത്തെ ഒറ്റപ്പെടുത്തി. ഇതിനു പുറമെ അദ്ദേഹത്തിന് ശാരീരിക രോഗവും പിടിപെട്ടു. സമ്പത്ത് മുഴുവനും നഷ്ടപ്പെട്ടു. കുടുംബക്കാരും കൂട്ടുകാരും വിട്ടുനിന്നു. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിനെ കയ്യൊഴിച്ചില്ല. കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും നിറകുടമായി അവർ അദ്ദേഹത്തെ ശുശ്രൂഷിച്ചു. അയ്യൂബ് عليه السلام അല്ലാഹുവോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന ഖുർആനിൽ കാണാം. അല്ലാഹുവെ

രിക്കുന്നു. നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും അധികം കരുണ ചെയ്യുന്നവനത്രെ. (സൂറ: അമ്പിയാഅ് : 83)

അല്ലാഹു അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ചു. ആരോഗ്യം വീണ്ടുകിട്ടി. സമ്പത്തും സമ്പാദ്യവും ഏറിവന്നു. അകന്നു പോയവർ അടുത്തു. ഐശ്വര്യങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നു.

ആപത്തുകളിലും പരീക്ഷണങ്ങളിലും ക്ഷമ കൈക്കൊള്ളണമെന്നും അതുമൂലം അല്ലാഹുവിന്റെ അടുക്കൽ സ്ഥാനം വർദ്ധിക്കുമെന്നും അനുഗ്രഹങ്ങൾ അധികരിക്കുമെന്നും അയ്യൂബ് عليه السلام ന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

# പഠന പ്രവർത്തനങ്ങൾ

## ഉറക്കെ വായിക്കാം എഴുതാം:

1. ത്ര - പുത്രൻ ____________

2. ദ്ര - ദരിദ്രൻ ____________

3. ത്യ - സത്യമാർഗം ____________

4. ണ്യ - കാരുണ്യം ____________

5. ശ്വ - ഐശ്വര്യം ____________

## പൂരിപ്പിക്കുക:

**(രോഗം , യഅ്ഖൂബ് നബി , മാർഗ)**

1. സമ്പത്ത് നല്ല ____________ത്തിൽ ചെലവഴിച്ചു.

2. എനിക്ക് ____________ ബാധിച്ചിരിക്കുന്നു.

3. അയ്യൂബ് നബി ____________ യുടെ പരമ്പരയിൽ ജനിച്ചു.

## ചില്ലക്ഷരങ്ങൾ എഴുതാം

1. പുത്രൻ ൻ ____________

2. സമ്പത്തുക്കൾ ൾ ____________

3. മാർഗത്തിൽ ൽ ____________

4. അവർ ർ ____________

## ചോദ്യങ്ങൾ:

1. അയ്യൂബ് عليه السلام ന്റെ വംശപരമ്പര ഏത്?
2. അയ്യൂബ് عليه السلام ന് ലഭിച്ച അനുഗ്രഹങ്ങൾ എന്തെല്ലാം?
3. അയ്യൂബ് عليه السلام അനുഭവിച്ച പരീക്ഷണങ്ങൾ എന്തെല്ലാം?
4. പരീക്ഷണങ്ങളെ അയ്യൂബ് عليه السلام അഭിമുഖീകരിച്ചത് എങ്ങനെ?
5. അയ്യൂബ് عليه السلام ന്റെ ചരിത്രത്തിൽ നിന്നുള്ള ഗുണപാഠങ്ങൾ എന്തെല്ലാം?

### ഓർത്തിരിക്കാം

അയ്യൂബിനെയും (ഓർക്കുക.)
തന്റെ രക്ഷിതാവിനെ വിളിച്ച് കൊണ്ട് അദ്ദേഹം
ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം:
എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു.
നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ.

(വിശുദ്ധ ഖുർആൻ: 21:83)

# പാഠം 3

# داود وسليمان عليهما السلام

ഇസ്റാഈൽ ഗോത്രത്തിൽ നിയോഗിക്കപ്പെട്ട രണ്ട് നബിമാരാണ് ദാവൂദ് عليه السلام ഉം, മകൻ സുലൈമാൻ عليه السلام ഉം. നബിമാരെന്നതിനു പുറമെ ഇവർ രണ്ടുപേരും രാജാക്കന്മാരുമായിരുന്നു. ഇസ്റാഈല്യർ ഫലസ്തീനിൽ താമസമുറപ്പിച്ചു കുറെ കാലം കഴിഞ്ഞു. ഇതിനിടക്ക് അവർക്ക് പല ശത്രുക്കളുമായും ഏറ്റുമുട്ടേണ്ടി വന്നു. തങ്ങളെ നയിക്കാൻ പറ്റിയ ഒരു രാജാവിനെ നിശ്ചയിച്ചു തരണമെന്ന് അവർ അന്നുണ്ടായിരുന്ന പ്രവാചകനോട് പറഞ്ഞു. അപ്പോൾ (طالوت) ത്വാലൂത്തിനെ രാജാവായി അല്ലാഹു അവർക്ക് നിശ്ചയിച്ചു കൊടുത്തു. അവരുടെ ശത്രു ജാലൂത്ത് (جالوت) രാജാവായിരുന്നു. അവർ തമ്മിൽ യുദ്ധം നടന്നു. ദാവൂദ് എന്ന ആൾ ജാലൂത്തിനെ വധിച്ചു. അതോടെ ദാവൂദിന്റെ പ്രശസ്തി ഉയർന്നു. അല്ലാഹു അദ്ദേഹത്തിന് നുബുവ്വത്ത് നൽകി. സബൂർ എന്ന വേദഗ്രന്ഥവും അദ്ദേഹത്തിന് നൽകി.

കുറഞ്ഞ കാലംകൊണ്ട് ദാവൂദ് عليه السلام ഒരു വലിയ സാമ്രാജ്യത്തിന്റെ അധിപനായി. എങ്കിലും സ്വന്തം കൈത്തൊഴിൽ ചെയ്തുകൊണ്ടാണ് ജീവിതം നയിച്ചിരുന്നത്. അദ്ദേഹത്തിന്റെ നിസ്കാരം, നോമ്പ് എന്നിവയെ നമ്മുടെ നബി മുഹമ്മദ് ﷺ വിശിഷ്ടമായി വിശേഷിപ്പിച്ചിട്ടുണ്ട്.

ഇരുമ്പ് ഉരുക്കി പല വസ്തുക്കളും ഉണ്ടാക്കുവാനും യുദ്ധത്തിൽ ഉപയോഗിക്കുന്ന അങ്കി നിർമിക്കുവാനും അദ്ദേഹത്തിന് കഴിയുമായിരുന്നു. ദാവൂദ് (അ) കക്ഷിവഴക്കുകൾ തീർക്കുന്നതിലും സത്യവും നീതിയുമനുസരിച്ച് സംസാരിക്കുന്നതിലും പ്രസിദ്ധി നേടിയ ആളായിരുന്നു. ജറൂസലം ആയിരുന്നു അദ്ദേഹത്തിന്റെ ഭരണകേന്ദ്രം.

## سليمان عليه السلام

ദാവൂദ് عليه السلام ന്റെ കാലശേഷം പുത്രൻ സുലൈമാൻ عليه السلام രാജാവായി. മറ്റുപല രാജാക്കന്മാർക്കും സാധിക്കാത്ത പലതും അല്ലാഹു അദ്ദേഹത്തിന് സാധിച്ചുകൊടുത്തു. മനുഷ്യരും ജിന്നുകളും മറ്റു ജീവജാലങ്ങളും അദ്ദേഹത്തിന് കീഴൊതുങ്ങി. അവയുടെ സംസാരഭാഷ അല്ലാഹു അദ്ദേഹത്തെ പഠിപ്പിച്ചു. ദൂരസ്ഥലങ്ങളിലേക്ക് യാത്ര ചെയ്യാൻ അല്ലാഹു അദ്ദേഹത്തിന് കാറ്റിനെ കീഴ്പെടുത്തിക്കൊടുത്തിരുന്നു!

സുലൈമാൻ عليه السلام ന്റെ കാലത്തുണ്ടായ ഒരു സംഭവം വിശുദ്ധ ഖുർആൻ വിവരിക്കുന്നത് ഇവിടെ ചുരുക്കി ഉദ്ധരിക്കട്ടെ.

സുലൈമാൻ നബിക്ക് ജിന്നിലും മനുഷ്യരിലും പക്ഷി മൃഗങ്ങളിലും പെട്ട സൈന്യങ്ങളുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം അവയെ അണി നിർത്തിയപ്പോൾ ഹുദ്ഹുദ് എന്ന പക്ഷിയെ കണ്ടില്ല. പിന്നീട് അത് വന്നപ്പോൾ നീ എവിടെ ആയിരുന്നുവെന്ന് ചോദിച്ചു. വിശദീകരണത്തിൽ ഹുദ്ഹുദ് പറഞ്ഞു: യമനിലെ സബഅ് എന്ന നാട്ടിൽ പോയതായിരുന്നു. അവിടെ ചില കാഴ്ചകൾ കണ്ടു. അവിടെ ഭരണം നടത്തുന്നത് ഒരു രാജ്ഞിയാണ്. അവർക്ക് വലിയൊരു

സിംഹാസനമുണ്ട്. രാജ്ഞിയും പ്രജകളും സൂര്യനെ ആരാധിക്കുന്നവരാണ്. എന്നൊക്കെ ഹുദ്ഹുദ് ബോധിപ്പിച്ചു.

സുലൈമാൻ عليه السلام ഒരു കത്തെഴുതി. രാജ്ഞിക്കെത്തിക്കാൻ ഹുദ്ഹുദിനെ ഏല്പിച്ചു. അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും മുസ്ലിമായി വരണമെന്നുമായിരുന്നു അതിലെ ഉള്ളടക്കം. രാജ്ഞി കത്ത് വായിച്ചു. പ്രധാനികളുമായി കൂടിയാലോചന നടത്തി. കുറെ സമ്മാനങ്ങളുമായി സുലൈമാൻ عليه السلام ന്റെ അടുത്തേക്ക് ആളെ അയക്കുവാൻ തീരുമാനിച്ചു.

സമ്മാനങ്ങളുമായി ദൂതന്മാർ വന്നപ്പോൾ സുലൈമാൻ عليه السلام അത് നിരസിച്ചു. നിങ്ങളുടെ സമ്മാനങ്ങൾ എനിക്ക് ആവശ്യമില്ലെന്നും അനുസരണയോടെ ഇങ്ങോട്ട് വരണമെന്നും സുലൈമാൻ عليه السلام രാജ്ഞിയെ അറിയിച്ചു. കൽപന കിട്ടിയപ്പോൾ രാജ്ഞിയും കൂടെയുള്ളവരും അദ്ദേഹത്തിന്റെ അടുത്തേക്ക് പുറപ്പെട്ടു. പിന്നീട് അവർ സത്യവിശ്വാസികളായി മാറി.

# പഠന പ്രവർത്തനങ്ങൾ

## താഴെ കൊടുത്ത അക്ഷരങ്ങൾ ഉൾപ്പെടുന്ന വാക്കുകൾ പറയാം:

| | | | |
|---|---|---|---|
| 1. പ്പ | നിയോഗിക്കപ്പെട്ട | 8. ന്ഥ | വേദഗ്രന്ഥം |
| 2. ക്ക | രാജാക്കന്മാർ | 9. മ്ര | സാമ്രാജ്യം |
| 3. ഞ്ഞ | കഴിഞ്ഞു | 10. ജ്ഞ | രാജ്ഞി |
| 4. ത്ര | ശത്രുക്കൾ | 11. മ്മ | സമ്മാനം |
| 5. ത്വ | ത്വാലൂത്ത് | 12. സ്വ | സ്വീകരണം |
| 6. ധ | വധിച്ചു | 13. റ്റ | കാറ്റ് |
| 7. വ്വ | നുബുവ്വത്ത് | 14. ത്ത | കത്ത് |

## ചേരുംപടി ചേർക്കുക:

| | |
|---|---|
| 1. ത്വാലൂത്ത് | ഹുദ്ഹുദ് |
| 2. സുലൈമാൻ അലൈഹിസ്സലാം | സബഅ് |
| 3. ദാവൂദ് അലൈഹിസ്സലാം | ജാലൂത്ത് |
| 4. യെമൻ | നബി |

## തെറ്റോ ശരിയോ എന്നെഴുതുക:

1. രാഞ്ജിയും പ്രജകളും അല്ലാഹുവിനെ ആരാധിച്ചവരായിരുന്നു.
2. ത്വാലൂത്ത് രാജാവ് ജാലൂത്തിനെ വധിച്ചു
3. സുലൈമാൻ നബി അലൈഹിസ്സലാം യുടെ മകനാണ് ദാവൂദ് നബി അലൈഹിസ്സലാം

## സ്വരാക്ഷരങ്ങൾ കണ്ടെത്താം:

1. അല്ലാഹു ________
2. ഉരുക്കുക ________
3. ഏറ്റുമുട്ടി ________
4. ആവശ്യപ്പെട്ടു ________
5. ഊഹിച്ചു ________
6. ഒരിക്കൽ ________

## ചോദ്യങ്ങൾ:

1. രാജാക്കന്മാരായ രണ്ട് നബിമാരുടെ പേര് പറയുക.
2. ദാവൂദ് عليه السلام ന്റെ പ്രശസ്തി വർദ്ധിക്കാൻ കാരണമെന്ത്?
3. ദാവൂദ് عليه السلام ന്റെ വേദഗ്രന്ഥത്തിന്റെ പേര് പറയുക.
4. ദാവൂദ് عليه السلام ന്റെ ഭരണകേന്ദ്രം ഏത്?
5. ദാവൂദ് عليه السلام ന്റെ പ്രത്യേകതകൾ ചുരുക്കി വിവരിക്കുക.
6. അദ്ദേഹത്തിന് ശേഷം രാജാവായത് ആരാണ്?
7. സുലൈമാൻ عليه السلام ന്റെ പ്രത്യേകതകൾ എന്തെല്ലാം?
8. സബഇനെ പറ്റി ഹുദ്ഹുദ് പറഞ്ഞതെന്ത്?
9. സുലൈമാൻ عليه السلام രാജ്ഞിയുടെ സമ്മാനങ്ങൾ തിരിച്ചയച്ചത് എന്തു പറഞ്ഞുകൊണ്ടാണ്?

### ഓർത്തിരിക്കാം

........അങ്ങനെ അത് (സിംഹാസനം) തന്റെ അടുക്കൽ സ്ഥിതി ചെയ്യുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ നന്ദി കാണിക്കുമോ, അതല്ല നന്ദികേട് കാണിക്കുമോ എന്ന് എന്നെ പരീക്ഷിക്കുവാനായി എന്റെ രക്ഷിതാവ് എനിക്ക് നൽകിയ അനുഗ്രഹത്തിൽ പെട്ടതാകുന്നു ഇത്. വല്ലവനും നന്ദികാണിക്കുന്ന പക്ഷം തന്റെ ഗുണത്തിനായിട്ട് തന്നെയാകുന്നു അവൻ നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്ന പക്ഷം തീർച്ചയായും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും, ഉൽകൃഷ്ടനുമാകുന്നു.

(വിശുദ്ധ ഖുർആൻ: 27:40)

# പാഠം 4

# يونس عليه السلام

ഇറാഖിലെ നീനവാ പട്ടണത്തിൽ യൂനുസ് ജനിച്ചു. صَاحِبُ الحُوت ، ذَالنُّون എന്നൊക്കെ വിശുദ്ധ ഖുർആനിൽ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ പേരുവരാൻ ഇടവരുത്തിയ സംഭവം വിശുദ്ധ ഖുർആനിൽ യൂനുസ് എന്ന അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

നീനവാക്കാർ ദുഷ്പ്രവൃത്തികൾ ചെയ്തിരുന്നവരും ബഹുദൈവവിശ്വാസികളുമായിരുന്നു. യൂനുസ് عليه السلام ആ ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിച്ചു. ജനങ്ങൾ യൂനുസ് നബിയുടെ വാക്കുകൾ സ്വീകരിച്ചില്ല. അദ്ദേഹത്തിന് വിഷമവും കോപവും തോന്നി. നാടുവിട്ടുപോകാൻ തീരുമാനിച്ചു. പ്രവാചകന്മാർക്ക് അല്ലാഹുവിന്റെ അനുമതിയോടെ മാത്രമേ ഇത്തരം തീരുമാനം എടുക്കുവാൻ പാടുള്ളൂ.

യൂനുസ് നബി ഒരു കപ്പലിൽ യാത്രയായി. യാത്രാമദ്ധ്യേ കടലിൽ ശക്തമായ കാറ്റും കോളും. കപ്പൽ ഇളകിമറിഞ്ഞു. കപ്പലിലെ ഭാരം കുറക്കുവാൻ ഒരാളെ കടലിലേക്ക് എറിയണമെന്ന് യാത്രക്കാർ തീരുമാനിച്ചു. അവർ നറുക്കിട്ടു. അതിൽ യൂനുസ് നബിയുടെ പേരാണ് കിട്ടിയത്. അദ്ദേഹത്തെ അവർ കടലിലേക്ക് എറിഞ്ഞു. അപ്പോൾ ഒരു വലിയ മത്സ്യം അദ്ദേഹത്തെ വിഴുങ്ങി. യൂനുസ് عليه السلام അലാഹുവിനോട് വീണ്ടും വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആ മത്സ്യം കരയുടെ നേരെ നീന്തി. അദ്ദേഹത്തെ കരയിലേക്ക് തള്ളുകയും ചെയ്തു. ഇങ്ങനെയാണ് യൂനുസ് നബി صَاحِبُ الحُوت ആയത്.

യൂനുസ് عليه السلام നാടുവിട്ടപ്പോഴേക്കും നീനവക്കാർക്ക് ശരിയായ ബോധംവന്ന് അല്ലാഹുവിനോട് പശ്ചാത്തപിച്ചു. പിന്നീട് യൂനുസ് عليه السلام വീണ്ടും പ്രബോധനം നടത്തി. ജനങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചു. അല്ലാഹു അവർക്ക് ധാരാളം അനുഗ്രഹങ്ങൾ നൽകി.

# പഠന പ്രവർത്തനങ്ങൾ

## യൂനുസ് നബി (അലൈഹിസ്സലാം) യുമായി അടുപ്പമുള്ള കാര്യങ്ങൾ:




## പൂരിപ്പിക്കുക:

1. യൂനുസ് നബി അലൈഹിസ്സലാം യെ _________ ലേക്ക് എറിഞ്ഞു.

   (കടൽ , മരുഭൂമി)

2. യൂനുസ് നബി അലൈഹിസ്സലാം യെ _________ വിഴുങ്ങി.

   (ആന , മൽസ്യം)

3. യൂനുസ് നബി അലൈഹിസ്സലാം _________ വോട് പ്രാർത്ഥിച്ചു.

   (അല്ലാഹു , മലക്ക്)

4. ജനങ്ങൾ _________ ൽ വിശ്വസിച്ചു.

   (ജിന്ന് , അല്ലാഹു)

# ചോദ്യങ്ങൾ:

1. യൂനുസ് عليه السلام ന്റെ ജന്മസ്ഥലം ഏത്?
2. ഖുർആനിൽ അദ്ദേഹത്തെ വിശേഷിപ്പിച്ച പേരെന്ത്?
3. യൂനുസ് നബി صَاحِبُ الحُوت ആയ കഥ വിവരിക്കുക.

**ഓർത്തിരിക്കാം**

ദുന്നൂനി നെയും (ഓർക്കുക.)
അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും
അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു.
അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു:
നീയല്ലാതെ യാതൊരു ഇലാഹുമില്ല. നീ എത്ര പരിശുദ്ധൻ!
തീർച്ചയായും ഞാൻ അക്രമികളുടെ
കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.

(വിശുദ്ധ ഖുർആൻ: 21:87)

# പാഠം 5

# زكريا ويحيى عليهما السلام

ഇസ്റാഈൽ വംശത്തിൽ ജനിച്ച ഒരു പ്രവാചകനാണ് സകരിയ്യാ عليه السلام പ്രബോധനത്തിലും ബൈത്തുൽ മുഖദ്ദസിന്റെ പരിപാലനത്തിലുമായി അദ്ദേഹം ജീവിതം കഴിച്ചുകൂട്ടി. വാർധക്യവും നരയും ബാധിച്ചപ്പോൾ തനിക്ക് പിൻഗാമിയായി ഒരു ആൺകുട്ടി ഇല്ലാത്തതിനാൽ അദ്ദേഹം വ്യസനിച്ചു. അല്ലാഹുവിനോട് പ്രാർത്ഥിച്ചു.

അതിനിടയ്ക്കാണ് ഈസാ عليه السلام ന്റെ മാതാവ് മർയം رضي الله عنها ജനിക്കുന്നത്. അവരുടെ മാതാവ് ജനിക്കുന്ന കുട്ടിയെ പള്ളിയുടെ സേവകനായി നേർച്ചയാക്കിയിരുന്നു. തുടർന്ന് പെൺകുഞ്ഞാണ് ജനിച്ചതെങ്കിലും നേർച്ച നിറവേറ്റി. ശേഷം കുട്ടിയുടെ സംരക്ഷണ ബാധ്യത സകരിയ്യാ عليه السلام ന്നാണ് ലഭിച്ചത്. അവർ തമ്മിൽ കുടുംബ ബന്ധവും ഉണ്ടായിരുന്നു. അങ്ങനെ പള്ളി പരിപാലനവും മതപ്രബോധനവുമായി കഴിയുന്നതിനിടക്ക് അദ്ദേഹം ഒരു കുഞ്ഞിന് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

സകരിയ്യാ عليه السلام ന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു. ഒരിക്കൽ അദ്ദേഹം പ്രാർത്ഥിച്ചു കൊണ്ടിരിക്കെ യഹ്‌യാ എന്ന കുട്ടിയെക്കുറിച്ച് അല്ലാഹു അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു. അങ്ങനെ സകരിയ്യാ عليه السلام ന് വാർധക്യകാലത്ത് വന്ധ്യയായിരുന്ന ഭാര്യയിൽ ജനിച്ച പുത്രനാണ് യഹ്‌യാ. ഈ കുട്ടി ചെറുപ്പത്തിൽ തന്നെ മാതൃകാപരമായി ജീവിച്ചു. വിശുദ്ധ ഖുർആനിൽ മർയം എന്ന അധ്യായത്തിൽ ഈ സംഭവം വിവരിച്ചിട്ടുണ്ട്.

# പഠന പ്രവർത്തനങ്ങൾ

## സകരിയ്യാ നബി (അലൈഹിസ്സലാം) യുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ:




## ചേരുംപടി ചേർക്കുക:

| | |
|---|---|
| 1. സകരിയ്യാ അലൈഹിസ്സലാം | യഹ്‌യ അലൈഹിസ്സലാം |
| 2. മറിയം അലൈഹസ്സലാം | അല്ലാഹു |
| 3. പ്രാർത്ഥന | ഇസ്റാഈൽ |
| 4. പ്രവാചകൻ | ഈസാ അലൈഹിസ്സലാം |

## പദങ്ങൾ ചേർത്തെഴുതാം:

1. നേർച്ച + ആക്കി = നേർച്ചയാക്കി
2. സന്തോഷം + വാർത്ത = സന്തോഷവാർത്ത
3. പിൻഗാമി + ആയി = പിൻഗാമിയായി
4. ഉണ്ട് + ആയിരുന്നു = ഉണ്ടായിരുന്നു

# ചോദ്യങ്ങൾ:

1. സകരിയ്യാ عليه السلام ഏത് വംശജനാണ്.
2. സകരിയ്യാ عليه السلام ജീവിതം കഴിച്ചുകൂട്ടിയത് എങ്ങനെ?
3. മർയം رضي الله عنها യുടെ സംരക്ഷണ ബാധ്യത ഏറ്റെടുത്തത് ആര്?
4. സകരിയ്യാ عليه السلام ന്റെ ചരിത്രം വിവരിച്ചത് ഏത് സൂറയിലാണ്?
5. യഹ്‌യാ عليه السلام ന്റെ പിതാവിന്റെ പേരെന്ത്?

## ഓർത്തിരിക്കാം

നമ്മുടെ പക്കൽ നിന്നുള്ള അനുകമ്പയും പരിശുദ്ധിയും (നൽകി.)
അദ്ദേഹം ധർമ്മനിഷ്ഠയുള്ളവനുമായിരുന്നു.
തൻറെ മാതാപിതാക്കൾക്ക് നൻമചെയ്യുന്നവനുമായിരുന്നു.
നിഷ്ഠൂരനും അനുസരണം കെട്ടവനുമായിരുന്നില്ല.

(വിശുദ്ധ ഖുർആൻ: 19:13-14)

# പാഠം 6

# نبيانا محمد صلى الله عليه وسلم

അവസാനത്തെ പ്രവാചകനാണ് നമ്മുടെ നബി മുഹമ്മദ് ﷺ. ഇനി മറ്റൊരു നബിയും വരാനില്ല. അതുകൊണ്ട് മുഹമ്മദ് നബി ﷺ ലോകവാസാനം വരെയുള്ള മുഴുവൻ ജനങ്ങൾക്കും പ്രവാചകനാണ്.

ക്രിസ്താബ്ദം 571 ഏപ്രിൽ 20 ന് തിങ്കളാഴ്ച മക്കയിൽ നബി തിരുമേനി ജനിച്ചു. പിതാവ് അബ്ദുല്ലയും മാതാവ് ആമിനയുമായിരുന്നു. ജനനത്തിന് മുമ്പുതന്നെ പിതാവ് അബ്ദുല്ല മരണപ്പെട്ടു. ആറു വയസ്സായപ്പോൾ മാതാവും മരണപ്പെട്ടു. പിതാമഹൻ അബ്ദുൽ മുത്ത്വലിബ് ഏറെ സ്നേഹത്തോടെ തന്റെ പൗത്രനെ വളർത്തി. നബി ﷺ യുടെ എട്ടാം വയസ്സിൽ പിതാമഹനും മരിച്ചു. പിന്നെ പിതൃവ്യൻ അബൂ ത്വാലിബ് ആണ് നബി ﷺ യെ പോറ്റി വളർത്തിയത്. ഈ കാര്യങ്ങൾ നാം ഒന്നാം ക്ലാസിൽ പഠിച്ചുവല്ലോ?

നബി ﷺ ജനനം മുതൽ മരണം വരെയുള്ള ചരിത്രം നമുക്ക് പഠിക്കാൻ എളുപ്പമാണ്. സ്വഭാവം കൊണ്ടും പെരുമാറ്റം കൊണ്ടും ചെറുപ്പം മുതൽ തന്നെ നബി ﷺ മക്കയിൽ പ്രസിദ്ധമായിരുന്നു. നാട്ടുകാർ നബി ﷺ യെ അൽഅമീൻ (വിശ്വസ്തൻ) എന്നായിരുന്നു വിളിച്ചിരുന്നത്.

മുഹമ്മദ് എന്ന കുട്ടിയെ മക്കയിലെ അന്നത്തെ ദുഷിച്ച

സമ്പ്രദായങ്ങളൊന്നും സ്വാധീനിച്ചിട്ടില്ല. അവിടത്തെ യുവാക്കൾ മദ്യപാനം, വ്യഭിചാരം, ചൂതാട്ടം, അക്രമം, വിഗ്രഹാരാധന എന്നിവയിൽ മുഴുകിയവരായിരുന്നു. അത്തരം ദുർനടപടികളിൽ നിന്നെല്ലാം യുവാവായ മുഹമ്മദിന് മാറി നിൽക്കാൻ കഴിഞ്ഞു. അവ യോടെല്ലാം കഠിനവെറുപ്പുമായിരുന്നു.

സത്യം മാത്രം പറയുക, സൗമ്യമായി സംസാരിക്കുക, പറയുന്നത് പ്രവർത്തിക്കുക, പ്രവർത്തിക്കാൻ കഴിയുന്നത് പറയുക. ഇത്യാദി ഗുണങ്ങൾ നബി ﷺ യിൽ നിറഞ്ഞുനിന്നു. എല്ലാ നല്ല ഗുണങ്ങളും നബിക്കുണ്ടായിരുന്നു. സൽസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായി രുന്നു നബി ﷺ യുടെ നിയോഗം. പരിശുദ്ധ ഖുർആൻ നബി ﷺ യെ കുറിച്ച് പറയുന്നു: وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു. (68:4). നബി ﷺ യുടെ സ്വഭാവം ഖുർആൻ ആണെന്നായിരുന്നു ആയിഷാ رضي الله عنها പറഞ്ഞത്. ഖുർആൻ വിവരിച്ച എല്ലാ നല്ല ഗുണങ്ങളും നബി ﷺ യിൽ ഒത്തു ചേർന്നിരുന്നു.ഖുർആൻ നിരോധിച്ച ഒരു തിന്മയും അദ്ദേഹത്തിൽ ഉണ്ടായിരുന്നില്ല. അല്ലാഹുവിന്റെ പ്രീതിയും പരലോകമോക്ഷവും ആഗ്രഹിക്കുന്ന എല്ലാവർക്കും നബി ﷺ യിൽ ഉത്തമ മാതൃകയുണ്ട്.

## വഹ്‌യിന്റെ ആരംഭം

നമ്മുടെ നബി മുഹമ്മദ് ﷺ ക്ക് നാൽപത് വയസ്സായപ്പോൾ വഹ്‌യ് ലഭിച്ചു തുടങ്ങി. അതിനു മുമ്പ് നബി ﷺ യും സത്യമായ സ്വപ്നങ്ങൾ കണ്ടിരുന്നു. തന്റെ സ്വപ്നം അതേപോലെ പുലർന്നിരുന്നു. ക്രമേണ അദ്ദേഹത്തിന് ഏകാന്തത ഇഷ്ടമായി. ഹിറാ (حراء) ഗുഹയിൽ തനിച്ചു

പോയിരുന്ന് അല്ലാഹുവിനെ ധ്യാനിച്ചുകൊണ്ടാണ് സമയം കഴിച്ചുകൂട്ടിയത്. ആഹാര സാധനങ്ങൾ കൂടെ കരുതിയിരുന്നു. അവ തീർന്നാൽ ഭാര്യ ഖദീജ رضي الله عنها യുടെ അടുക്കൽ വന്ന് ആഹാരവസ്തുക്കളുമായി തിരിച്ചുപോകും. മറ്റു ചിലപ്പോൾ ഭാര്യ തന്നെ ആഹാരസാധങ്ങൾ എത്തിക്കും.

ഒരു ദിവസം ജിബ്‌രീൽ നബി ﷺ യെ സമീപിച്ചു. വായിക്കുവാൻ ആവശ്യപ്പെട്ടു. എനിക്ക് വായിക്കാനറിയില്ല എന്ന് നബി ﷺ ഉത്തരം പറഞ്ഞു. നബി ﷺ നിരക്ഷരനാണ്. മലക്ക് നബിയെ കെട്ടിപ്പിടിച്ചു ഞെരുക്കി. ശേഷം മലക്ക് നബിയെ വിട്ടു. വായിക്കുക. വീണ്ടും ആവശ്യപ്പെട്ടു. എനിക്ക് വായനയറിയില്ല. നബി ﷺ ഉത്തരം പറഞ്ഞു. അപ്പോഴും മലക്ക് നബിയെ കെട്ടിപ്പിടിക്കുകയും ഞെരുക്കുകയും ചെയ്തു. നബി ﷺ ആദ്യം പറഞ്ഞ മറുപടി ആവർത്തിച്ചു. മൂന്നാം തവണ പിടിച്ചുകൂട്ടി വിട്ട ശേഷം മലക്ക് താഴെ പറയുന്ന വചനങ്ങൾ ഓതിക്കൊടുത്തു.

قْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ ﴿1﴾ خَلَقَ الْإِنسَانَ مِنْ عَلَقٍ ﴿2﴾ اقْرَأْ وَرَبُّكَ الْأَكْرَمُ ﴿3﴾ الَّذِي عَلَّمَ بِالْقَلَمِ ﴿4﴾ عَلَّمَ الْإِنسَانَ مَا لَمْ يَعْلَمْ ﴿5﴾

വിശുദ്ധ ഖുർആനിൽ നിന്ന് നബി ﷺ ക്ക് ആദ്യമായി അവതരിച്ചുകിട്ടിയ അഞ്ച് ആയത്തുകളാണിത്.

ഭയം നിമിത്തം നബി ﷺ വീട്ടിലേക്ക് മടങ്ങി. ‘‘എനിക്ക് പുതച്ചു തരിക’’ , ‘‘എനിക്ക് പുതച്ചു തരിക’’ എന്നിങ്ങനെ ഭാര്യ ഖദീജ رضي الله عنها യോട് ആവശ്യപ്പെട്ടുകൊണ്ടാണ് വീട്ടിൽ പ്രവേശിച്ചത്. ഇതോടു കൂടി അബ്ദുല്ലയുടെ മകൻ മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനായിത്തീർന്നു.

ഭാര്യയായ ഖദീജ رضي الله عنها നബി ﷺ യെ പുതപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. ഭയപ്പെടുകയൊന്നും വേണ്ട, അല്ലാഹു ഒരിക്കലും അങ്ങയെ വിഷമിപ്പിക്കുകയില്ല. അങ്ങ് കുടുംബബന്ധം പുലർത്തുകയും അന്യന്റെ ഭാരം വഹിക്കുകയും ദരിദ്രർക്ക് ജീവിത മാർഗം നേടിക്കൊടുക്കുകയും അതിഥികളെ സൽകരിക്കുകയും സത്യത്തിന്റെ പേരിലുണ്ടാകുന്ന ആപത്തുകളിൽ സഹായിക്കുകയും ചെയ്യുന്ന ആളാണ്.

പിന്നീട് ഖദീജ رضي الله عنها നബിയൊന്നിച്ച് തന്റെ ഒരു ബന്ധുവും വേദപരിജ്ഞാനിയുമായ വറഖത്ത് ബ്നു നൗഫലിന്റെ അടുക്കൽ ചെന്നു. അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ച വ്യക്തിയായിരുന്നു. നബിക്കുണ്ടായ സംഭവങ്ങൾ ഓരോന്നും നബി ﷺ അദ്ദേഹത്തെ കേൾപ്പിച്ചു. വറഖത്ത് പറഞ്ഞു: ‘‘മൂസാ നബിയുടെ അടുത്തുവന്ന മലക്ക് തന്നെയാണിത്.’’ അദ്ദേഹം തുടർന്നു: ‘‘നിന്നെ നീ ജനിച്ചുവളർന്ന നാട്ടിൽ നിന്ന് നിന്റെ സമൂഹം പുറത്താക്കുന്ന സന്ദർഭത്തിൽ ഞാൻ ജീവിച്ചിരുന്നെങ്കിൽ!’’

നബി ﷺ ചോദിച്ചു: എന്നെ അവർ പുറത്താക്കുകയോ?

വറഖത്ത് പറഞ്ഞു: താങ്കൾ കൊണ്ടുവന്ന സന്ദേശവുമായി മുമ്പ് വന്ന ഒരാൾക്കും ശത്രുക്കൾ ഉണ്ടാകാതിരുന്നിട്ടില്ല. അധികകാലം കഴിയുന്നതിനുമുമ്പായി വറഖത്ത് മരണപ്പെട്ടു.

# പഠന പ്രവർത്തനങ്ങൾ

## വാക്കുകൾ പരിചയപ്പെടാം

1. പിതൃവ്യൻ
2. സമ്പ്രദായം
3. ദുർനടപ്പ്
4. കഠിനവെറുപ്പ്
5. ധ്യാനിച്ചു
6. നിരക്ഷരൻ
7. വഹിച്ചു

## പൂരിപ്പിക്കുക:

1. ____________________ ലോകാവസാനം വരെയുള്ള മുഴുവൻ ജനങ്ങൾക്കും റഹ്മത്താണ്.
2. മുഹമ്മദ് നബി ﷺ യെ മക്കയിലെ ജനങ്ങൾ ____________________ എന്നായിരുന്നു വിളിച്ചിരുന്നത്.
3. നബി ﷺ ക്ക് ______ വയസ്സായപ്പോൾ വഹ്യ് ലഭിച്ചു തുടങ്ങി.
4. നബി ﷺ യുടെ ആദ്യത്തെ ഭാര്യ ____________________ ആകുന്നു.

## താഴെ തന്നിരിക്കുന്ന അക്ഷരങ്ങൾ ഉൾപ്പെടുന്ന വാക്കുകൾ പാഠത്തിൽ നിന്നും കണ്ടെത്തി എഴുതുക:

1. സ്വ ____________________
2. ദ്യ ____________________
3. പ്പ ____________________
4. ണ്ട ____________________
5. ത്ത ____________________
6. ട്ട ____________________
7. ക്ക ____________________
8. ൽ ____________________

## പദ പരിചയം:

1. സദനം - വീട്
2. അഖിലം - എല്ലാം
3. അഴകുറ്റ - ഭംഗിയുള്ള

## സ്വര ചിഹ്നങ്ങൾ ചേർത്ത് പാഠത്തിൽ നിന്ന് വാക്കുകൾ എഴുതുക:

ഉദാ: ദരിദ്രൻ




1. ____________________ 2. ____________________

3. ____________________ 4. ____________________

5. ____________________ 6. ____________________

## ചോദ്യങ്ങൾ:

1. അവസാനത്തെ പ്രവാചകൻ ആര്?
2. നബിയെ അൽഅമീൻ എന്നു വിളിക്കാൻ കാരണമെന്ത്?

3. നബിയുടെ സ്വഭാവഗുണങ്ങളെ പറ്റി ചുരുക്കി വിവരിക്കുക.

4. നബി ﷺ യുടെ സ്വഭാവത്തെകുറിച്ചുള്ള ഒരു ആയത്ത് ഓതുക?

5. നബി ﷺ യുടെ സ്വഭാവത്തെക്കുറിച്ച് ആയിഷാ رضي الله عنها പറഞ്ഞത് എന്താണ്?

6. നബി ﷺ യുടെ വഹ്‌യിന്റെ ആരംഭം എങ്ങനെയായിരുന്നു?

7. ആദ്യമായി അവതരിച്ചു കിട്ടിയ ആയത്തുകൾ ഏതെല്ലാം?

8. ഹിറാഗുഹയിലെ സംഭവം ചുരുക്കി വിവരിക്കുക.

9. നബി ﷺ യെ വറകത്തിന്റെ അടുക്കലേക്ക് എത്തിച്ചത് ആരാണ്?

10. വറഖത്ത് നബി ﷺ യോട് പറഞ്ഞത് എന്താണ്?

## ഓർത്തിരിക്കാം

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക.

(വിശുദ്ധ ഖുർആൻ: 33:56)

# പാഠം 7

## പ്രബോധന പ്രവർത്തനങ്ങളും അനന്തര ഫലങ്ങളും

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ എന്ന് തുടങ്ങുന്ന ഖുർആനിലെ ആദ്യവചനങ്ങൾ ആദ്യമായി ജിബ്‌രീൽ മുഖേന നബിക്ക് അല്ലാഹു പഠിപ്പിച്ചു കൊടുത്തു. തുടർന്ന് നബി ﷺ പ്രബോധനം ആരംഭിച്ചു. പിന്നീട് ഇരുപത്തിമൂന്ന് വർഷങ്ങളിലായി ഖുർആൻ മുഴുവനും നബി ﷺ ക്ക് അല്ലാഹു വഹ്‌യ് നൽകി. അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവന്റെ നിയമനിർദേശങ്ങൾ അനുസരിച്ച് ജീവിക്കുക, വിഗ്രഹാരാധനയും മറ്റു എല്ലാവിധ തിന്മകളും ഉപേക്ഷിക്കുക എന്നിങ്ങനെ നബി ﷺ ജനങ്ങളെ ഉപദേശിച്ചു. അല്ലാഹു അവതരിപ്പിച്ചു കൊടുക്കുന്ന വിശുദ്ധ ഖുർആൻ വചനങ്ങൾ അദ്ദേഹം അവരെ പഠിപ്പിച്ചു. ആദ്യമാദ്യം രഹസ്യമായിട്ടായിരുന്നു പ്രബോധനം ചെയ്തിരുന്നത്.

ഭാര്യ ഖദീജ رضي الله عنها, പിതൃവ്യ പുത്രൻ, അലിയ്യ് ബ്നു അബീ ത്വാലിബ് رضي الله عنه, അബൂബക്ര് അസിദ്ധീഖ് رضي الله عنه, സൈദ് ബ്നു ഹാരിസ് رضي الله عنه, ഉമ്മു അയ്മൻ رضي الله عنه തുടങ്ങിയവരാണ് ആദ്യത്തെ വിശ്വാസികൾ. പിന്നീട് വിശ്വാസികളുടെ എണ്ണം വർധിച്ചു കൊണ്ടിരുന്നു. അവരിൽ ഒരാളായ അർഖം رضي الله عنه വിന്റെ വീട്ടിൽ നബിയും വിശ്വാസികളും രഹസ്യമായി ഒത്തുചേർന്നു. നബി ﷺ അവർക്ക് ഖുർആൻ പഠിപ്പിച്ചു. ഇസ്‌ലാമിക ജീവിതമുറകൾ പരിശീലിപ്പിച്ചു.

പിന്നീട് നബി ﷺ തന്റെ കുടുംബങ്ങളെ വിളിച്ചു പരസ്യമായി പ്രബോധനം തുടങ്ങി. കഅ്ബയുടെ അടുത്തുള്ള സ്വഫാ കുന്നിൻമുകളിൽ കയറിനിന്ന് ബന്ധുക്കളെ വിളിച്ചുകൂട്ടി. എന്നിട്ടവരോട് അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ ഉപദേശിച്ചു. അല്ലാത്തപക്ഷം അല്ലാഹുവിന്റെ കടുത്ത ശിക്ഷയുണ്ടാകുമെന്ന് താക്കീതുനൽകി. ഇതോടുകൂടി സ്വന്തം കുടുംബക്കാർ തന്നെ നബി ﷺ യെ മർദ്ദിക്കുവാൻ തുടങ്ങി. അക്കാലംവരെ മക്കാനിവാസികളുടെ ഏറ്റവും ഇഷ്ട്ടപെട്ട ആളായിരുന്നു അദ്ദേഹം. എന്നാൽ നബി ﷺ യുടെ സത്യപ്രബോധനം കേട്ടതോടെ അവർ അദ്ദേഹത്തെ വെറുത്തു. എല്ലാ നബിമാരെയും സത്യപ്രബോധകരെയും ജനങ്ങൾ ഇതുതന്നെയാണ് ചെയ്തത്.

നബി ﷺ യിൽ വിശ്വസിച്ചവരും പീഢനങ്ങൾക്കും പരിഹാസങ്ങൾക്കും വിധേയരായി. കടുത്ത മർദ്ദനങ്ങളുടെ മുന്നിലും എല്ലാം സഹിച്ചു സത്യവിശ്വാസികൾ അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി നിലകൊണ്ടു. ബിലാൽ رضي الله عنه, അമ്മാർ رضي الله عنه, അദ്ദേഹത്തിന്റെ പിതാവ് യാസിർ رضي الله عنه, മാതാവ് സുമയ്യ رضي الله عنها തുടങ്ങിയവർ അനുഭവിച്ച കഷ്ടപ്പാടുകൾക്ക് അതിരുകളില്ല. അമ്മാർ رضي الله عنه വിന്റെ മാതാപിതാക്കൾ ശത്രുക്കളുടെ പീഢനത്തിൽ രക്തസാക്ഷികളായി. വിശ്വാസികൾ ആരും പീഢനത്തിൽ നിന്നും പരിഹാസത്തിൽ നിന്നും ഒഴിവായില്ല. ദിനംപ്രതി കഷ്ടപ്പാടുകൾ കൂടിക്കൊണ്ടിരുന്നു. ആ സന്ദർഭത്തിൽ നബി ﷺ യുടെ ഉപദേശപ്രകാരം സത്യവിശ്വാസികൾ മക്കയിൽ നിന്ന് അബ് സീനിയായിലേക്ക് പാലായനം ചെയ്തു. ഇതാണ് മുസ്‌ലിങ്ങളുടെ ആദ്യത്തെ ഹിജ്റ. പത്ത് പുരുഷന്മാരും അഞ്ച് സ്ത്രീകളുമടങ്ങുന്ന ഒരു സംഘമായിരുന്നു അതിലുണ്ടായിരുന്നത്.

# പഠന പ്രവർത്തനങ്ങൾ

## സ്വഹാബികളെ പരിചയപ്പെടാം:
















## നമുക്കൊന്നിച്ചെഴുതാം:

1. അല്ലാഹുവിനെ മാത്രം ആരാധിക്കുക

_______________________________________________

_______________________________________________

2. വിഗ്രഹാരാധനയും മറ്റ് തിന്മകളും ഉപേക്ഷിക്കുക

_______________________________________________

_______________________________________________

## വിട്ടുപോയ അക്ഷരങ്ങൾ ചേർക്കൂ:

| ദേ , ക്ക , ല , ബ് , തു , ത്യ , ക , ബി , ലേ |
|---|

ന____ ﷺ യുടെ ഉപ____ശപ്രകാരം സ____വിശ്വാസി____ൾ മ____യിൽ

നിന്നും അ____സീനിയയി____ക്ക് പാ____ായനം ചെയ്____.

## ചേരുംപടി ചേർക്കുക:

| | |
|---|---|
| 1. ജിബ്‌രീൽ അലൈഹിസ്സലാം | അബ്സീനിയ |
| 2. നബിയുടെ ഭാര്യ | സ്വഫാ കുന്ന് |
| 3. പാലായനം | വഹ്‌യ് |
| 4. മക്ക | ഖദീജ (റ) |

## ചോദ്യങ്ങൾ:

1. നബി ﷺ യിൽ ആദ്യമായി വിശ്വസിച്ച ഏതാനും സ്വഹാബത്തിന്റെ പേരുകൾ പറയുക.
2. നബി ﷺ യും സ്വഹാബത്തും സ്വകാര്യമായി സമ്മേളിക്കാറുള്ളത് ആരുടെ വീട്ടിലായിരുന്നു?
3. സ്വഹാബത്ത് ആദ്യമായി എങ്ങോട്ടാണ് ഹിജ്റ പോയത്?

### ഓർത്തിരിക്കാം

സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.

(വിശുദ്ധ ഖുർആൻ: 66:6)

# പാഠം 8

# നബി (ﷺ) യുടെ മദീനാ ജീവിതം

നബി ﷺ യും സ്വഹാബികളും പ്രബോധനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. മക്കയിലേക്ക് ഹജ്ജിന് വരുന്ന അന്യനാട്ടുകാരെ ഇസ്‌ലാം മതത്തിലേക്ക് ക്ഷണിച്ചു. അങ്ങനെ മദീനയിലെ ഔസ്, ഖസ്റജ് എന്നീ ഗോത്രങ്ങളിലെ പലരും മുസ്‌ലിങ്ങളായി. അവർ നാട്ടിലെത്തി ബാക്കിയുള്ളവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു.

മുസ്അബ് ബ്നു ഉമൈർ, അബ്ദുല്ലാഹ് ബ്നു ഉമ്മി മക്തൂം رضي الله عنهما എന്നീ സ്വഹാബിമാരെ നബി ﷺ മദീനയിലേക്ക് മതപ്രചാരണത്തിനായി അയച്ചു. മദീനയിൽ ഇസ്‌ലാം പ്രചരിച്ചു തുടങ്ങി.

മക്കയിലും നാൾക്കുനാൾ മുസ്‌ലിങ്ങളുടെ എണ്ണം കൂടിത്തുടങ്ങി. ബഹുദൈവാരാധകരുടെ പരിഹാസങ്ങൾക്കും ഭീഷണികൾക്കുമൊന്നും അവരെ പിന്തിരിപ്പിക്കാനായില്ല. മുശ്‌രിക്കുകൾക്ക് അരിശം മൂത്തു. അവരുടെ നേതാക്കന്മാർ ദാറുന്നദ്‌വയിൽ സമ്മേളിച്ചു. എല്ലാ കുടുംബത്തിലെയും പ്രതിനിധികൾ ഒത്തുചേർന്ന് മുഹമ്മദ് നബി ﷺ യെ വധിക്കണമെന്ന് അവർ അവിടെവെച്ച് തീരുമാനമെടുത്തു.

നബി ﷺ വിവരം അറിഞ്ഞു. നേരെ അബൂബക്ർ സിദ്ദീഖ് رضي الله عنه വിന്റെ വീട്ടിൽ പോയി. തനിക്ക് ഹിജ്റ പോകാൻ അല്ലാഹു അനുമതി നൽകിയ കാര്യം അബൂബക്ർ സിദ്ദീഖ് (റ) വിനെ അറിയിച്ചു. കൂടെ

പോരാൻ എന്നെ അനുവദിക്കണമെന്ന് അബൂബക്ർ സിദ്ദീഖ് رضي الله عنه അപേക്ഷിച്ചു. നബി ﷺ അനുവദിച്ചു. യാത്രക്കുവേണ്ടതെല്ലാം തയ്യാറാക്കി.

അന്ന് രാത്രി ശത്രുക്കൾ നബി ﷺ യുടെ വീട് വളഞ്ഞു. നബി ﷺ അകത്തുണ്ട്. പിതൃവ്യപുത്രൻ അലി رضي الله عنه വിനെ വിളിച്ചു. തന്റെ കൈവശം വിശ്വസിച്ചേൽപിച്ച വസ്തുക്കൾ അതിന്റെ ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കാൻ ഏർപ്പാടാക്കി. ശത്രുക്കൾ വാതിൽപഴുതിൽ കൂടി അകത്തേക്ക് നോക്കിക്കൊണ്ടിരുന്നു. നബി തിരുമേനി ﷺ അലി رضي الله عنه വിനെ ഒരു പുതപ്പെടുത്ത് പുതപ്പിച്ച് തന്റെ വിരിപ്പിൽ കിടത്തി. ശേഷം നബി ﷺ പുറത്തേക്ക് കടന്നു. ശത്രുക്കളാരും അദ്ദേഹത്തെ കണ്ടതേ യില്ല. നേരെത്തെ പറഞ്ഞുറപ്പിച്ച പ്രകാരം നബി ﷺ അബൂബക്ർ സിദ്ദീഖ് رضي الله عنه വിനെ കൂട്ടി സ്ഥലം വിട്ടു. പിന്നീട് അവർ രണ്ടുപേരും മക്കയിലെ സൗർ മലയിലെ ഗുഹയിൽ കയറി ഒളിച്ചു.

നേരം പുലർന്നു. വാതിൽ തുറന്നു അലി رضي الله عنه അതാ പുറത്തേക്ക് വരുന്നു. നബി ﷺ അവിടെ നിന്ന് സ്ഥലം വിട്ടതായി അവർ മനസിലാക്കി. അവർ നാലുപാടും അന്വേഷിക്കാൻ തുടങ്ങി. നബി ﷺ യെ പിടിച്ചു കൊടുക്കുന്നവർക്ക് സമ്മാനം പ്രഖ്യാപിച്ചു. അന്വേഷകർ സൗർ ഗുഹ വരെയെത്തി. അസ്വസ്ഥനായ അബൂബക്ർ رضي الله عنه വിനെ ആശ്വസിപ്പിച്ചു കൊണ്ട് നബി ﷺ പറഞ്ഞു: ദുഖിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. ആർക്കും ആ ഗുഹയിലേക്ക് ഒന്ന് എത്തിനോക്കാൻ പോലും തോന്നിയില്ല! മൂന്ന് രാത്രി നബി ﷺ യും അബൂബക്ർ رضي الله عنه വും ആ ഗുഹയിൽ കഴിച്ചുകൂട്ടി. പിന്നീട് അവർ യാത്ര പുറപ്പെട്ടു.

നബി ﷺ പുറപ്പെട്ടതറിഞ്ഞു മദീനാനിവാസികൾ അദ്ദേഹത്തിന്റെ വരവ് പ്രതീക്ഷിച്ചു കാത്തിരിക്കുകയാണ്. നബി ﷺ യുടെ വരവിൽ

അവർക്കുണ്ടായിരുന്നു ആനന്ദത്തിന് അതിരുണ്ടായിരുന്നില്ല. നബി ﷺ യുടെ വരവിൽ സന്തോഷിച്ചപോലെ ജീവിതത്തിൽ യാതൊന്നിലും അവർ സന്തോഷിച്ചിട്ടില്ല. നബി ﷺ യെ ഓരോരുത്തർക്കും അവരവരുടെ വീടുകളിലേക്ക് കിട്ടണം. അതിന്നായി അവർ ഒട്ടകത്തിന്റെ കടിഞ്ഞാണിനു വേണ്ടി പിടിയും വലിയുമായിരുന്നു. നബി ﷺ പറഞ്ഞു: നിങ്ങൾ ഒട്ടകത്തെ വിട്ടേക്കുക. അത് അല്ലാഹുവിന്റെ കൽപനക്ക് വിധേയമാണ്. ഒട്ടകം മുന്നോട്ട് നീങ്ങി. അങ്ങനെ അബൂ അയ്യൂബൽ അൻസാരി رضي الله عنه വിന്റെ വീട്ടിനു മുന്നിൽ അത് മുട്ടുകുത്തി. ആ വീട്ടിൽ നബി ﷺ താമസം തുടങ്ങി.

അതോടെ മദീനയിൽ ഇസ്‌ലാമിന്റെ പ്രചാരം ശക്തി പ്രാപിച്ചു. മദീനയിൽ മുസ്‌ലിങ്ങളെ സ്വീകരിച്ചവർ അൻസ്വാർ എന്ന പേരിൽ അറിയപ്പെട്ടു. മക്കയിൽ നിന്ന് മദീനയിൽ എത്തിയ മുസ്‌ലിങ്ങൾ മുഹാജിറുകൾ എന്നും അറിയപ്പെടുന്നു. ഇവർക്കിടയിൽ ഉണ്ടായ സഹോദര്യബന്ധം അത്ഭുതകരമായിരുന്നു. ഓരോ അൻസ്വാരിക്കും മുഹാജിറായ തന്റെ അതിഥി അല്ലാഹുവിന്റെ പേരിലുള്ള സഹോദരനായിരുന്നു. രക്തബന്ധത്തിലുള്ള സാഹോദര്യത്തെക്കാൾ എത്രയോ ഉയർന്നതായിരുന്നു ആദർശത്തിന്റെ പേരിലുള്ള ആ സഹോദര്യബന്ധം. ശാന്തിപൂർണമായ സഹോദര്യജീവിതം അവിടെ ഉടലെടുത്തു. ഇസ്‌ലാം വളർന്നു പന്തലിച്ചു. മക്കയിലെ ശത്രുക്കൾ അടങ്ങിയിരുന്നില്ല. പക്ഷെ, അതൊന്നും ഫലപ്പെട്ടില്ല.

നബിയുടെ ആഗമനത്തിന് മുമ്പ് യഥ്‌രിബ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന പട്ടണം പിന്നീട് مدينة النبي (നബിയുടെ പട്ടണം) എന്ന പേരിൽ അറിയപ്പെട്ടു. മദീനയിൽ എത്തിയ ഉടനെ സഹ്ൽ, സുഹൈൽ എന്നീ അനാഥ ബാലന്മാരിൽ നിന്ന് വിലക്കുവാങ്ങിയ സ്ഥലത്ത് ഒരു

പള്ളി പണിതു. ഇതാണ് മസ്ജിദുന്നബവി. നിസ്കാരത്തിനു ബാങ്ക് വിളിക്കുന്ന സമ്പ്രദായം ആരംഭിച്ചു. നോമ്പ്, സകാത്ത് എന്നിവ നിർബന്ധമാക്കപ്പെട്ടു. മതപരമായ നിയമങ്ങളും നിർദേശങ്ങളും വിവരിക്കുന്ന ഖുർആൻ വചനങ്ങൾ നബി ﷺ ക്ക് അവതരിച്ചുകൊണ്ടിരുന്നു. അതനുസരിച്ച് ജീവിക്കുന്ന ഒരു സമൂഹം നബി ﷺ യുടെ ശിക്ഷണത്തിൽ വളർന്നുവന്നു. ഈ വിശ്വാസികളായ സമൂഹത്തിനെതിരിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ പല പ്രാവശ്യം യുദ്ധം ചെയ്തു. നല്ലവരായ വിശ്വാസികൾക്ക് എപ്പോഴും അല്ലാഹുവിന്റെ സഹായം ലഭിച്ചിരുന്നു.

ഹിജ്റ 8ാം വർഷം നബി ﷺ യുടെ നേതൃത്വത്തിൽ മുസ്‌ലിങ്ങൾ മക്കയിലെ കഅ്ബ കീഴടക്കി. അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ വേണ്ടി ഇബ്റാഹീം നബി عليه السلام ഉം ഇസ്മാഈൽ നബി عليه السلام ഉം കൂടി പണിത കഅ്ബയിൽ മുശ്‌രിക്കുകൾ വിഗ്രഹങ്ങൾ വെച്ച് ആരാധിച്ചിരുന്നു. അവയെല്ലാം നബി ﷺ അവിടെനിന്ന് നീക്കി. തന്നെ ദ്രോഹിച്ച കൊടിയ ശത്രുക്കളായ ആളുകൾക്ക് നബി ﷺ പൊതുമാപ്പ് പ്രഖ്യാപിച്ചു. നിസ്കാരത്തിന് സമയമായപ്പോൾ ബിലാൽ رضي الله عنه കഅ്ബയുടെ മുകളിൽ കയറി ബാങ്ക് വിളിച്ചു. വിജയശ്രീലാളിതനായി നബി ﷺ മദീനയിൽ മടങ്ങിയെത്തി. ഹിജ്റ 11ാം വർഷം റബീഉൽ അവ്വൽ 12 ന് നബി ﷺ വഫാത്തായി. ചന്ദ്രവർഷപ്രകാരം അദ്ദേഹത്തിന് 63 വയസ്സ് പ്രായമായിരുന്നു.

**ഓർത്തിരിക്കാം**

(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും ധാരാളം കരുണ ചെയ്യുന്നവനുമത്രെ.

(വിശുദ്ധ ഖുർആൻ: 3:31)

# പഠന പ്രവർത്തനങ്ങൾ

## പര്യായപദങ്ങൾ പഠിക്കാം:

| | | |
|---|---|---|
| 1. അഹങ്കാരം | – | മദം, ഗർവ്വം, ദർപ്പം |
| 2. കരുണ | – | ദയ, അനുകമ്പ, കൃപ |
| 3. കണ്ണ് | – | അക്ഷി, ലോചനം, നേത്രം |
| 4. ധനം | – | വിത്തം, ദ്രവ്യം, അർത്ഥം |
| 5. നക്ഷത്രം | – | താരം, താരകം |

## എതിർപദങ്ങൾ പഠിക്കാം:

| | | |
|---|---|---|
| സ്വാതന്ത്ര്യം | x | അസ്വാതന്ത്ര്യം |
| മുൻഗാമി | x | പിൻഗാമി |
| ധർമ്മം | x | അധർമ്മം |
| പരലോകം | x | ഇഹലോകം |
| മലിനം | x | നിർമലം |

## പൂരിപ്പിക്കുക:

1. ________________ , ________________ എന്നീ സ്വഹാബിമാരെ നബി ﷺ മദീനയിലേക്ക് മതപ്രചാരണത്തിനായി അയച്ചു.

2. മദീനയിൽ മുസ്‌ലിങ്ങളെ സ്വീകരിച്ചവർ ________________ എന്ന പേരിൽ അറിയപ്പെട്ടു.

3. മക്കയിൽ നിന്ന് മദീനയിൽ എത്തിയ മുസ്‌ലിങ്ങൾ ________________ എന്ന് അറിയപ്പെടുന്നു.

## മാതൃക പോലെ എഴുതാം:

1. കേരം, മന്ദാരം = കേരവും മന്ദാരവും
2. ഹിന്ദു, മുസൽമാൻ = ______________________
3. സഹോദരൻ, സഹോദരി = ______________________

## ഒറ്റപ്പദം എഴുതാം:

1. സഹോദരനോടുള്ള സ്നേഹം = ______________
2. മലകൾ ഉള്ള നാട് = ______________

## ചോദ്യങ്ങൾ:

1. മദീനയിലെ പ്രധാനപ്പെട്ട രണ്ട് ഗോത്രങ്ങളുടെ പേര് എന്ത് ?
2. മദീനയിൽ ആദ്യം ഇസ്‌ലാം പ്രചരിച്ചത് ആര് മുഖേനയാണ്?
3. മദീനയിൽ നബി ﷺ നിശ്ചയിച്ച പ്രബോധകന്മാർ ആരെല്ലാം?
4. മദീനയുടെ ആദ്യത്തെ പേര് പറയുക.
5. ദാറുന്നദ്‌വയിൽ വെച്ച് മുശ്‌രിക്കുകൾ എടുത്ത തീരുമാനം എന്തായിരുന്നു?
6. മദീനയിൽ നബി ﷺ ആരുടെ വീട്ടിലാണ് ആദ്യം താമസിച്ചത്?
7. മുഹാജിറുകൾ എന്നാൽ ആരാണ്?
8. അൻസ്വാർ എന്നാൽ ആരാണ്?
9. അവർക്കിടയിലുള്ള സഹോദര്യബന്ധത്തെക്കുറിച്ച് വിവരിക്കുക.

*NOTES*

# ഇസ്ലാമിക ചരിത്ര പാഠങ്ങൾ

## ഭാഗം മൂന്ന്